J2|253|2019|Home

## പതിനാലാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5061**

**27.06.2019-ൽ മറുപടിക്ക്**

### വീട്ടിൽ അതിക്രമിച്ച് കടന്നുവെന്ന പ്രവാസിയുടെ പരാതി

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ കായ്പമംഗലം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ താമസിക്കുന്ന പ്രവാസിയായ ബെന്നി എസ് മലയാറ്റിലിന്റെ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രവാസിയായ ഇദ്ദേഹത്തിന്റെ വീട്ടിൽ അതിക്രമിച്ച കടന്ന് ഭീഷണിപ്പെടുത്തുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തവർക്കെതിരെ കയ്പമംഗലം പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) ഇത് സംബന്ധിച്ച് കയ്പമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 245/2019 u/s 447,294(b),506 r/w 34 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (സി) കയ്പമംഗലം പോലീസിൽ നിന്നും നീതി ലഭിക്കാതെ വന്നപ്പോൾ ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ഡി.ജി.പി. ക്കും എൻ.ആർ.ഐ. സെല്ലിനും പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) പ്രസ്തുത പരാതികൾ ലഭിച്ചതിനെ തുടർന്ന് ടി പരാതി സംഗതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിൽ വിഷയം കുടുംബ ക്ഷേത്രവുമായി ബന്ധപ്പെട്ടതായതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിനായി ഇരിങ്ങാലക്കുട ആർ.ഡി.ഒ കോടതി മുമ്പാകെ വിശദവിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയതിന്മേൽ ഹിയറിംഗ് നടന്നു വരുന്നു. |
| (ഡി) സംസ്ഥാനത്ത് ലക്ഷ്വറി ടാക്സ് നൽകുന്ന പ്രവാസിയായ ഇദ്ദേഹത്തിന്റെ പരാതിയിൽ നടപടി സ്വീകരിക്കാത്ത കയ്പമംഗലം എസ്.ഐ.യ്ക്ക് എതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ഡി) പ്രവാസിയായ ബെന്നി എസ്. മലയാറ്റിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കയ്പമംഗലം എസ്.എച്ച്.ഒ യഥാസമയം കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിനാൽ ടിയാനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |
| (ഇ) പ്രവാസിയായ ഇദ്ദേഹത്തിന്റെ കുടുംബത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ.**